# രക്ഷയുടെ പാതയിൽ




# ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും

Vol. 1

11

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. രക്ഷകനായ ഈശോ
2. ചരിത്രപുരുഷനായ ഈശോ
3. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
4. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ
5. ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
6. ക്രിസ്തീയ മനസാക്ഷി
7. ജീവന്റെ മൂല്യവും മഹത്വവും
8. സ്നേഹിക്കാനും ജീവൻ നൽകാനും
9. സമ്പത്തും സാമൂഹികനീതിയും
10. അദ്ധ്വാനത്തിന്റെ മാഹാത്മ്യം
11. സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത
12. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

# പാഠം- 3



## ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

# ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

1. സുവിശേഷങ്ങളിലെ ഈശോ
2. പിതാവിന്റെ പ്രിയപുത്രൻ
3. സമഗ്രവിമോചകൻ
4. പാപികളുടെ സ്നേഹിതൻ
5. തിന്മയ്ക്കെതിരെ പോരാടിയവൻ
6. ദരിദ്രരെ സ്നേഹിച്ചവൻ
7. ശാന്തശീലനും വിനീതനും
8. ക്ഷമാശീലൻ
9. കരുണാമയൻ

# ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

❖ ഈശോയുടെ വ്യക്തിത്വത്തിന്റെ വിവിധ സവിശേഷതകൾ മനസ്സിലാക്കുന്നത് നമ്മുടെ വിശ്വാസജീവിതത്തെ കൂടുതൽ പ്രകാശമാനമാക്കാനും അവിടുത്തെ വ്യക്തിത്വം സ്വന്തമാക്കി വളരുവാനും നമ്മെ സഹായിക്കും. അതിന് ഏറ്റവും നല്ല മാർഗ്ഗം സുവിശേഷങ്ങളിലെ ഈശോയെ മനസ്സിലാക്കുന്നതാണ്.

ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

## സുവിശേഷങ്ങളിലെ ഈശോ

- സുവിശേഷങ്ങൾ മുഖ്യമായും ശ്രദ്ധ ഊന്നിയിരിക്കുന്നത് ഈശോയുടെ വ്യക്തിത്വത്തിലും പ്രബോധനത്തിലും ദൗത്യത്തിലുമാണ്. പുതിയ നിയമത്തിലെ നാലു സുവിശേഷങ്ങളിലൂടെയും വെളിപ്പെടുന്നത് ഈശോയുടെ വ്യക്തിത്വമാണ്
- നാലു സുവിശേഷങ്ങളും ചേർത്തുവയ്ക്കുമ്പോൾ തെളിയുന്ന ഈശോയുടെ ചിത്രം അവിടുത്തെ വ്യക്തിത്വത്തെ ശരിയായി പ്രതിഫലിപ്പിക്കുന്നു.
- ലോകരക്ഷകനും ലോകഗുരുവും പൂർണ ദൈവവും പൂർണ മനുഷ്യനും ആയ ഈശോയുടെ വ്യക്തിത്വ സവിശേഷതകൾ നമുക്ക് പുതിയ ഉൾക്കാഴ്ച നൽകും.

# പിതാവിന്റെ പ്രിയപുത്രൻ

- ഈശോയുടെ വ്യക്തിപ്രഭാവത്തിന്റെ മുഴുവൻ അടിസ്ഥാനമായി നിൽക്കുന്നത് അവിടുത്തെ ദൈവപുത്രത്വമാണ്.
- പ്രാർത്ഥനയിലൂടെ അവിടുന്ന് പിതാവുമായി സംസാരിച്ചിരുന്നു. പിതാവിന്റെ ഇഷ്ടം നിറവേറ്റുകയായിരുന്നു ഈശോയുടെ ജീവിത ലക്ഷ്യം.
- ഈശോയിലൂടെ ദൈവമക്കളാവാൻ വിളിക്കപ്പെട്ടിരിക്കുന്ന നമ്മളും ദൈവപുത്രാവബോധത്തിൽ വളരാൻ വിളിക്കപ്പെട്ടവരാണ്.

ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

## സമഗ്രവിമോചകൻ

- മനുഷ്യവർഗ്ഗത്തിന്റെ സമഗ്രവിമോചനമായിരുന്നു ഈശോയുടെ മനുഷ്യാവതാരലക്ഷ്യം.
- ഈശോ നൽകുന്ന മോചനം സമഗ്രവിമോചനമാണ്. അതാകട്ടെ പാപമോചനം വഴിയുള്ള രക്ഷയുമാണ്.
- മനുഷ്യകുലത്തിന്റെ സമഗ്രവിമോചനത്തിനായി ഈശോ സ്വീകരിച്ചത് കുരിശിന്റെ മാർഗ്ഗമാണ്.

ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

## പാപികളുടെ സ്നേഹിതൻ

- പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുക എന്നുള്ള മനോഭാവം ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതയും സ്നേഹത്തിന്റെഉദാത്തഭാവവുമാണ്.
- സത്യത്തിന് സാക്ഷ്യം നൽകിയവൻ
- ഈശോ ലോകത്തിലേക്ക് വന്നത് സത്യത്തിന് സാക്ഷ്യം വഹിക്കാനും സത്യം തന്നെയായ ദൈവത്തെ ലോകത്തിന് കാണിച്ചു കൊടുക്കാനും വേണ്ടിയാണ്.
- സത്യം തന്നെയായ ഈശോ, സത്യത്തിനുവേണ്ടി ജീവിച്ച് സത്യത്തിനുവേണ്ടി മരിച്ചവനാണ്.

ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

## തിന്മയ്ക്കെതിരെ പോരാടിയവൻ

- തിൻമയുടെ ശക്തികളെ കീഴടക്കുന്നവർക്കു മാത്രമേ തിൻമയ്ക്കെതിരെ പോരാടാൻ സാധിക്കുകയുള്ളൂ എന്ന് തന്റെജീവിതം വഴി അവിടുന്ന് നമ്മെ പഠിപ്പിച്ചു.
- തിന്മകൾക്കെതിരെ പോരാടിയ ഈശോ തിന്മ ചെയ്തവരെ തള്ളിക്കളയുന്നില്ല. ശത്രുക്കളെപ്പോലും സ്നേഹിക്കുവാനും ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവാനും മറ്റുള്ളവർക്ക് ദുഷ്പ്രേരണ നൽകാതിരിക്കാനും ഈശോ നമ്മെ പഠിപ്പിക്കുന്നു.

# ദരിദ്രരെ സ്നേഹിച്ചവൻ

- കാലിത്തൊഴുത്തുമുതൽ കാൽവരിവരെയും ഈശോ ദരിദ്രനായിരുന്നു. കുറുനരികൾക്ക് മാളങ്ങളും ആകാശപ്പറവകൾക്ക് കൂടുകളുമുള്ള ഈ ലോകത്തിൽ മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ലായിരുന്നു.

ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ

# ശാന്തശീലനും വിനീതനും

- "ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ.
- വിചാരണവേളയിലും കാൽവരിയാത്രയിലും കുരിശുമരണത്തിലും ശാന്തത കൈവെടിയാത്ത ഈശോ നമ്മുടെ ജീവിതത്തിന് ഉദാത്ത മാതൃകയാണ്.

## ക്ഷമാശീലൻ

- ഈശോയുടെ വ്യക്തിത്വത്തിൽ തെളിഞ്ഞുനിന്നിരുന്ന ഒരു പ്രധാന ഗുണമാണ് ക്ഷമാശീലം.
- ക്ഷമാശീലനായ ഈശോയുടെ ജീവിതവും പ്രബോധനവും നമുക്കെന്നും മാതൃകയും പ്രചോദനവുമായിരിക്കണം.

## കരുണാമയൻ

- ഈശോയുടെ വ്യക്തിത്വത്തിന്റെ പ്രധാനപ്പെട്ട മറ്റൊരു സവിശേഷതയാണ് അവിടുത്തെ അലിവിന്റെ ഭാവം.
- കള്ളൻമാരുടെ കയ്യിൽപ്പെട്ട് മുറിവേറ്റുകിടന്ന മനുഷ്യന്റെ ദീനരോദനം കേട്ട് അലിവുതോന്നി അവന്റെ അടുത്തു ചെന്ന് മുറിവുകൾ വച്ചുകെട്ടി അവനെ ആശ്വസിപ്പിച്ച നല്ല സമറായൻ ഈശോ തന്നെയാണ്.
- ഈശോയിൽ വിളങ്ങിയിരുന്ന വിശേഷഗുണങ്ങൾ സ്വന്തമാക്കുന്തോറും നമ്മളും ഈശോയുടെ ചൈതന്യത്താൽ നിറയും വ്യക്തിത്വത്തിൽ വളരും.